**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 575** **11-06-2024 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ പാം ട്രീ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഓപ്പറേഷൻ പാം ട്രീ എന്ന പേരിൽ സംസ്ഥാനത്തെ ആക്രി കച്ചവടകേന്ദ്രങ്ങളിൽ ജി.എസ്.ടി. വകുപ്പ് നടത്തിയ റെയ്ഡിൽ വ്യാജ രജിസ്ട്രേഷനിലൂടെ നികുതി വെട്ടിച്ച് എത്ര കോടി രൂപയുടെ വ്യാജ ഇടപാടുകൾ നടത്തിയെന്നാണ് കണ്ടെത്തിയത്; | (എ) | ഓപ്പറേഷൻ "പാം-ട്രീ" എന്ന പേരിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം ആക്രി കച്ചവട കേന്ദ്രങ്ങളിൽ നടത്തിയ റെയ്ഡിൽ വ്യാജ രജിസ്ട്രേഷനിലൂടെ നികുതി വെട്ടിച്ച് 1,170 കോടി രൂപയുടെ വ്യാജ ഇടപാടുകൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ നടന്ന പരിശോധനയിൽ എത്ര കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയത്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | **ഇത്തരത്തിൽ നടന്ന പരിശോധനയിൽ 209 കോടി രൂപയുടെ നികുതി വെട്ടിപ്പാണ് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെൻറ് വിഭാഗം കണ്ടെത്തിയത്.** |
| (സി) | ഇത്തരത്തിൽ നടന്ന പരിശോധനയിൽ എത്ര വ്യാജ രജിസ്ട്രേഷനുകൾ കണ്ടെത്തിയെന്നും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പരിശോധന നടന്നോയെന്നും വ്യക്തമാക്കുമോ; | (സി) | ഇത്തരത്തിൽ നടന്ന പരിശോധനയിൽ 148 വ്യാജ രജിസ്ട്രേഷനുകളാണ് ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെൻറ് വിഭാഗം സംസ്ഥാനത്തുടനീളം കണ്ടെത്തിയത്. |
| (ഡി) | ഇത്തരത്തിലുള്ള പരിശോധനകൾ സംസ്ഥാനത്ത് വ്യാപകമായി നടത്തി സർക്കാരിന് ലഭിക്കേണ്ട നികുതിപ്പണം പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) | നികുതി വെട്ടിപ്പ് തടയുന്നതിനായി ഇത്തരത്തിലുള്ള പരിശോധനകൾ കൂടുതലായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇന്റലിജൻസ് വിഭാഗം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പ് വരുത്തി സേർച്ച്/ ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. അനിവാര്യ ഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റ് ഉൾപ്പടെയുള്ള നടപടികൾക്ക് വിധേയമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ